## ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം തിരുവനന്തപുരം

വിഷയം:- ആരോഗ്യവകുപ്പ് –ഡോ.അനുശ്രീ റ്റി എ,(Dr.Anusree T A )PEN:983377,അസിസ്റ്റന്റ് സർജൻ - പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1.കാരണം കാണിക്കൽ നോട്ടീസ് നം DHS/25276/2025-EA3 Dated :02.12.2025

2.ഡോ.അനുശ്രീ റ്റി എ സമർപ്പിച്ച അപേക്ഷ തീയതി12.12.2025

**ഉത്തരവ് നം.DHS/25276/2025-EA3 തീയതി.19-02-2026**

ഡോ.അനുശ്രീ റ്റി എ,(Dr.Anusree T A )PEN:983377 06.05.2024 ന് ആരോഗ്യ വകുപ്പിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പ്രവേശിച്ച വ്യക്തിയാണ്. കണ്ണൂർ കണ്ണപുരം പ്രാഥമികാരോഗ്യകേന്ദ്രത്തിൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ ജോലിചെയ്തുവരവേ 07.05.2024 മുതൽ 22.02.2025 വരെയുള്ള പിജി പഠനം തുടരുന്നതിനായി സേവനത്തിൽ നിന്നും വിടുതൽ ചെയ്തിരുന്നു. എന്നാൽ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം 22.02.2025 വരെയുള്ള പിജി ഉപരിപഠനത്തിനുശേഷം സേവനത്തിൽ തിരികെ പ്രവേശിക്കുന്നതിനായി അപേക്ഷ നൽകിയിട്ടില്ല.

2.ആയതിനാൽ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ടിയാളുടെ വർക്ക് ആന്റ് കോണ്ടക്ട് (work and conduct) തൃപ്തികരമല്ലാത്തതിനാൽ പ്രൊബേഷൻ ടെർമിനേറ്റ് ചെയ്യാതിരിക്കുന്നതിന് കാരണമുണ്ടെങ്കിൽ ബോധിപ്പിക്കുന്നതിന് പരാമർശം (1) പ്രകാരം നോട്ടീസ് നൽകുകയും ചെയ്തു.

3.പ്രസ്തുത നോട്ടീസിന് പരാമർശം (2) പ്രകാരം ടിയാൾ മറുപടി സമർപ്പിച്ചു. **Swami Ramanand Teerth Rural Medical College ,Ambajogai ,Maharastra** യിൽ **M.D Anaesthesia** കോഴ്സ് **22/02/2025** വരെയും തുടർന്ന് **1** വർഷത്തെ **SR** ഷിപ്പ് **365** ദിവസവും ചേർത്ത് **07/05/2024** മുതൽ **22/02/2026** വരെയുമുള്ള **657** ദിവസത്തേക്കാണ് ടിയാൽ ലീവ് അപേക്ഷ നൽകിയിരുന്നത് .അവധി അപേക്ഷ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് അസ്സൽ അപേക്ഷയും അനുബന്ധ രേഖകളും മടക്കി അയച്ചിരുന്നു എന്ന വിവരം അറിഞ്ഞിരുന്നില്ല എന്നും, **MD** പഠനവും **SR** ഷിപ്പും കഴിഞ്ഞ് **23/02/2026** തിയ്യതിയിൽ എനിക്ക് ജോലിയിൽ പ്രവേശിച്ചാൽ മതി എന്നുള്ള എന്റെ ധാരണയിൽ മഹാരാഷ്ട്ര സംസ്ഥാനത്ത് **M.D** യുടെ ഭാഗമായി സീനിയർ റെസിഡൻസി തുടരുകയാണുണ്ടായത് എന്നും ടിയാൽ അറിയിച്ചിരിക്കുന്നു.

**4. 24.04.2024** ലെ **Swami Ramanand Teerth Rural Medical College ,Ambajogai ,Maharastra** ലെ കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം **22.02.2022** മുതൽ മൂന്നു വർഷമാണ് കോഴ്സ് കാലയളവ് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ലീവ് അപേക്ഷ നൽകിയപ്പോൾ **07.05.2024** മുതൽ **22.02.2026** വരെ എന്നാണ് രേഖപെടുത്തിയിരുന്നത്. അതിനാലാണ് കോഴ്സ് സർട്ടിഫിക്കറ്റ് പ്രകാരം ലീവ് അപേക്ഷ നൽകുന്നതിനായി അപേക്ഷയും അനുബന്ധരേഖകളും **Letter No.EA3-24613/2024/DHS Dated:04.12.2024** കത്ത് പ്രകാരം ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ നിന്നും മടക്കി അയച്ചത്. പിജി പഠനത്തിനുശേഷം സേവനത്തിൽ തിരികെ പ്രവേശിച്ച് **NOC** വാങ്ങിയതിനുശേഷമാണ് സീനിയർ റെസിഡൻസിക്ക് പോകേണ്ടിയിരുന്നത്. അതിനാൽ കാരണം കാണിക്കൽ നോട്ടീസിനു നൽകിയ മറുപടി തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു .

**5.** ആരോഗ്യ വകുപ്പ് ഒരു അവശ്യസേവന വകുപ്പ് ആണ്. ഡോക്ടർമാർ അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് ആശുപത്രിയുടെ സുഗമമായ പ്രവർത്തനങ്ങളെയും സർക്കാർ ആശുപത്രികളെ അശ്രയിക്കുന്ന പൊതു ജനങ്ങളെയും സാരമായി

ബാധിക്കുന്നതാണ്. അനധികൃതമായി സേവനത്തിൽ നിന്നും വിട്ടു നിൽക്കുന്നത് അംഗീകരിക്കുവാൻ കഴിയുന്നതല്ല.

6. ടി സാഹചര്യത്തിൽ **23.02.2025** തീയതി മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരുന്നതിലൂടെ പ്രൊബേഷണർ ആയ ഡോ.അനുശ്രീ റ്റി എ, അസിസ്റ്റന്റ് സർജന്റെ വർക്ക് ആൻ്റ് കോണ്ടക്ട് തൃപ്തികരമല്ല എന്ന് വിലയിരുത്തുന്നു.

7. ആയതിനാൽ **1958** ലെ കേരള സ്റ്റേറ്റ് ആൻ്റ് സബോർഡിനേറ്റ് സർവ്വീസസ് റൂൾസ് പാർട്ട് **II** ചട്ടം **19 (a) (ii)** പ്രകാരം ഡോ.അനുശ്രീ റ്റി എ, **(Dr.Anusree T A )PEN:983377**, അസിസ്റ്റന്റ് സർജന്റെ പ്രൊബേഷൻ അവസാനിപ്പിച്ച് ടിയാളെ സർവ്വീസിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

Digitally signed by
Reena K J
Date: 19-02-2026
15:29:41

**ആരോഗ്യവകുപ്പ് ഡയറക്ടർ**

സ്വീകർത്താവ്,

**Dr.Anusree T A**

**Thottath House**

**Mullassery P.O**

**Thrissur**

**PIN:680509**

പകർപ്പ്,

1. അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള,തിരുവനന്തപുരം.
2. ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം),കണ്ണൂർ
3. മെഡിക്കൽ ഓഫീസർ പ്രാഥമികാരോഗ്യ കേന്ദ്രം കണ്ണപുരം കണ്ണൂർ

(ജില്ലാ മെഡിക്കൽ ഓഫീസർ മുഖാന്തരം)

4. ഫയൽ